(എ) വിദ്വാൻ പി.കേളുനായരുടെ വസതി ഏറ്റെടുക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കവിഭവനം ഏറ്റെടുത്തു സംരക്ഷിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തിക ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കുന്നതാണ്.

47 (3500) സിനിമാ കലാകാരന്മാരുടെ പെൻഷൻ

ശ്രീ. വി. ബാലറാം :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ കലാകാരന്മാർക്ക് ഏറ്റവും ഒടുവിലായി പെൻഷൻ നൽകിയത് എന്നാണ്;

(ബി) ഇവർക്ക് ഈ ഇനത്തിൽ ഇതേവരെ എന്തു തുക കുടിശ്ശിക നൽകാനുണ്ട്;

(സി) ഏറ്റവും ഒടുവിൽ ഈ ആവശ്യത്തിന് ധനകാര്യ വകുപ്പിൽ നിന്നും പണം അനുവദിച്ച് നൽകിയത് എന്നാണ്;

(ഡി) ധനകാര്യ വകുപ്പിൽനിന്നും പണം അനുവദിച്ചിട്ടും സിനിമാ പെൻഷൻകാർക്ക് ഇതേവരെ പെൻഷൻ ലഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തിയത് എവിടെയാണെന്ന് കണ്ടെത്തി ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സിനിമാകലാകാരന്മാർക്ക് ഏറ്റവും ഒടുവിലായി പെൻഷൻ നൽകിയത് 1999 ജൂലൈ മാസത്തിലാണ്. 1999 ഫെബ്രുവരി മാസം വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്.

(ബി) ഈ ഇനത്തിൽ ഇതേവരെ 5 മാസത്തെ കുടിശ്ശികയായി 500/- രൂപാ നിരക്കിൽ 2500/- രൂപാ വീതം 194 പേർക്ക് നൽകാനുണ്ട്.

(സി) ധനകാര്യ വകുപ്പിൽനിന്നും പണം അനുവദിച്ച് നൽകിയത് 2.6.99-ൽ ആണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഈ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടില്ല. ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭിച്ചയുടൻ തന്നെ പെൻഷൻ അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly